ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) പഞ്ചായത്തു രൂപീകരണത്തിനു ശേഷം തിരഞ്ഞെടുപ്പു നടത്തുന്നതാണു്.

(ബി) ഉണ്ടു്.

(സി) ജൂലൈ മാസത്തിൽ പൂർത്തിയാകുമെന്നു വിചാരിക്കുന്നു.

മദ്യനിരോധനം

* ഫസ. ൦. (൭) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ മദ്യനിരോധനം പരിപൂർണ്ണമാക്കണമെന്നു് ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ;

(ബി) അതു് എത്ര നാൾകൊണ്ടു് പൂർണ്ണമാക്കണമെന്നാണു് ഗവൺമെണ്ടു് വിചാരിക്കുന്നതു്;

(സി) മദ്യനിരോധനം തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ പരിപൂർണ്ണമാക്കിയാൽ ഒരു കൊല്ലം ഈ സ്റ്റേറ്റിനു് എന്തു നഷ്ടം ഉണ്ടാകുമെന്നു് പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) ഇന്ന കാലാവധിക്കുള്ളിൽ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല.

(സി) ഉദ്ദേശം മൂന്നു കോടി രൂപ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അടുത്തകൊല്ലം ഏതെങ്കിലും താലൂക്കിൽ മദ്യനിരോധനം നടപ്പാക്കുവാൻ വിചാരമുണ്ടോ?

ശ്രീ. സി. കേശവൻ: ബഡ്ജറിലെ പ്രൊവിഷൻ അനുസരിച്ചു് ചെയ്യുന്നതാണു്.

ശ്രീ. സി. വി. ഐപ്പു: പഴയ കൊച്ചിയിലെ തൃശ്ശിവപേരൂർ താലൂക്കിലേക്കും കൊച്ചികണയന്നൂർ താലൂക്കിലേക്കും മദ്യനിരോധനം വ്യാപിക്കാത്തതിന്റെ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: കൂടുതൽ സ്ഥലങ്ങളിൽ മദ്യനിരോധന മേഖലയാക്കണമെന്നു ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ളപക്ഷം അവിടെയൊക്കെ മദ്യനിരോധനം നടപ്പാക്കുന്നതാണു്.

ശ്രീ. സി. വി. ഐപ്പു: പഴയ തിരുവിതാംകൂറിൽ കൂടുതൽ സ്ഥലത്തു മദ്യനിരോധനം നടപ്പാക്കുന്നതോടൊപ്പം കൊച്ചിയിലും നടപ്പാക്കുവാൻ ദയവുണ്ടാകുമോ?

Mr. Speaker: That has been answered.

ஸ்ரீ. ஏ. சிதம்பரநாத நாடார்: *பழய கொச்சி, புதிய கொச்சி, பழய திருவிதாங்கூர், புதிய திருவிதாங்கூர் என்று இந்த நாட்டிலுண்டா?*

Mr. Speaker: The Government cannot be called upon to explain those terms used in questions.

ഹരിജനോദ്ധാരണം

*ഫസ. ൧. (൮) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഹരിജനോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly